

# ഋതുയോഗം

## മലയാള ശാകുന്തളം - എ.ആർ.രാജരാജവർമ

## mukulam malayalam A plus capsule:by Suresh Areekode]

## [1 Score,2 Score questions and answers]

1. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം മഹാഭാരത്തിലെ ഏത് ഭാഗത്തെ അടിസ്ഥാനമാക്കി രചിച്ച കൃതിയാണ്

- ശകുന്തളോപാഖ്യാനം

2. രാജധാനിയിലെത്തിയ ഗർഭിണിയായ ശകുന്തള അപമാനിതയായി തിരിച്ചയക്കപ്പെട്ടു. ആരാണ് ശകുന്തളയെ കശ്യപാശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയത്?'

**1)മേനക** 2)താപസി 3)കശ്യപൻ

3. യുദ്ധത്തിൽ ഇന്ദ്രനെ സഹായിച്ച് മടങ്ങി എത്തുന്ന ദുഷ്ഷ്യന്തൻ ദേവേന്ദ്രന്റെ സാരഥിയോടൊപ്പമാണ് മാരീചാശ്രമത്തിൽ എത്തുന്നത്. തേരാളി ആരായിരുന്നു.?

1) സർവദമനൻ, **2)മാതലി,** 3)യയാതി

4. "അരുത് ഉണ്ണി ചാപല്യം കാണിക്കരുത്. ജാതി സ്വഭാവം വന്നു പോകുന്നവല്ലോ." അടിവരയിട്ട ഭാഗത്തിന്റെ സൂചനയെന്ത്?

**1) ആശ്രമബാലനിൽ ക്ഷത്രിയന്റെ സ്വഭാവം കാണുന്നു**
2) ആശ്രമത്തിൽ ആരും ജാതി സ്വഭാവംകാണിക്കാറില്ല
3) ആശ്രമത്തിൽ താമസിക്കുന്നവർ ഉയർന്ന ജാതിക്കാരാണ്

5. "ഇവിടെ അവിനയം വരുന്നതല്ല.പിന്നെ ആരെയാണ് നിരോധിക്കുന്നത്?" സന്ദർഭത്തിൽ അവിനയം വരുന്നതല്ല എന്നതിന്റെ സൂചന എന്ത്? suresh areekode mukulam malayalam

**1) ആശ്രമത്തിൽ സർവദമനൻ സിംഹക്കുട്ടിയുമായികളിക്കുന്നത്**
2) ആശ്രമത്തിലെ താപസിമാർ പറഞ്ഞിട്ട് സർവദമനൻ അനുസരിക്കാത്തത്
3) മാരീചാശ്രമത്തിൽ എത്തിയവരെ സർവദമനൻ ബഹുമാനിക്കാതിരുന്നത്

6. "ഞങ്ങൾ മക്കളെപ്പോലെ പരിചരിക്കുന്ന മൃഗങ്ങളെ ഉപദ്രവിക്കുന്നുവോ? നിന്റെ തുനിവ് കുറേ കൂടിപ്പോകുന്നു."-സർവദമനന്റെ ഏത് പ്രവൃത്തിയെയാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്.

1) താപസിമാരെ ചീത്ത വിളിച്ചത്

2) **സിംഹക്കുട്ടിയുടെ പല്ല് എണ്ണി നോക്കുന്നത്**

3) ആശ്രമത്തിലെത്തിയ ദുഷ്ഷ്യന്തനെ കാണാതിരുന്നത്.

7. "എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന് "- ഇതിലെ സദൃശകല്പന എന്ത്?

1) ദുഷ്യന്തനെയും സർദമനനേയും

2) ദുഷ്യന്തനെയും ഹവ്യ വാഹനേയും

3) **സർവദമനനേയും തീപൊരിയേയും**

8. "വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരു പോൽ"
*തണ്ടാർമലരുപോലെ* എന്നതുകൊണ്ട് സർവദമന്റെ ഏത് ശരീരഭാഗത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത് ?

1) കണ്ണുകളെ , **2)കൈവിരലുകളെ,** 3) കാൽപ്പാദത്തെ

9. മൺമയിൽ എന്നതിന്റെ വിരഹാർത്ഥം ഏത്?

1) മണ്ണിന്റെ മയിൽ, 2) മണ്ണുകൊണ്ടുണ്ടാക്കിയ മയിൽ, 3) മണ്ണാകുന്ന മയിൽ

10."ഈദൃസ്സാമർഥ്യക്കാരൻ കുട്ടിയോട് എനിക്ക് എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു." ആർക്കാണ് കുട്ടിയോട് അതിയായ സ്നേഹം തോന്നുന്നത്? Suresh areekode mukulam malayalam

1) മാരീചഭഗവാന്, 2)വൃദ്ധതാപസിക്ക്, 3**) ദുഷ്ഷ്യന്തന്**

11. "തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
ചെറുപാമ്പ് ചന്ദനമരത്തിനെന്നപോൽ "- മഹർഷിബാലന്റെ ആശ്രമവിരുദ്ധ പ്രവൃത്തിയായി വിശേഷിപ്പിക്കുന്നത് എന്ത്?

**1) സിംഹക്കുട്ടിയെ ഉപദ്രവിക്കുന്നത്**

2) പാമ്പിനെ ചന്ദനമരത്തിൽ തൂക്കിയിട്ടത്

3) ചന്ദനമരത്തിൽ കയറിയത്

12. നിന്റെ <u>തുനിവ്</u> കുറേ കൂടിപ്പോകുന്നു. അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത്?

1) അഹങ്കാരം, **2)ധൈര്യം,** 3)കുസൃതി

13. പുരുവംശത്തിൽ പിറന്നവർ - എന്നതിന്റെ സമസ്തപദമേത്?

1) പുരുഷൻ, **2)പൗരവർ,** 3)പുരോഹിതർ

14. "എന്റെ ആശക്ക് ഒരു താങ്ങലും കൂടിയായി." ഇവിടെ ആശയായി സൂചിതമാകുന്നതെന്ത്?

1) ആശ്രമത്തിലെ വൃദ്ധതാപസിയെ കാണാമെന്നത്

**2) ബാലന്റെ മാതാവ് ശകന്തളയാണെന്നത്**

3) മാരീചന്റെ ആശ്രമമാണ് എന്നത്

15. " ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും?" ഇവിടെ ധർമപത്നിയെ ഉപേക്ഷിച്ച ആൾ ആരാണ്?

1) മാരീചൻ, 2) ശ്രീരാമൻ, **3)ദുഷ്ഷ്യന്തൻ**

16. "ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിനു ഇടയാക്കാതിരുന്നാൽ മതിയായിരുന്നു" . വരിയിലെ സൂചിതാർത്ഥം എന്ത്?

**1) സർവദമനന്റെ മാതാവിന്റെ പേര് ശകുന്തള എന്നത്**

2) ദുഷ്യന്തൻ മൃഗയാവിനോദത്തിന് മാലിനീ നദീതീരത്ത് എത്തിയത്

3) ആശ്രമവാസികൾ ഉപയോഗിക്കുന്നത് കാനൽജലമാണ്

17. ഇവന്റെ ജാതകകർമ സമയത്തിൽ മാരീചഭഗവാൻ ഇത് ഇവനെ ധരിപ്പിച്ചു.സർവദമനനെ ധരിപ്പിച്ച രക്ഷയേത്?

**1) അപരാജിത** **suresh areekode mukulam malayalam**

2) പുലിപ്പല്ലുകൊണ്ടുള്ള മാല

3) കൈയിലെ മുദ്രമോതിരം

18. "എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു." ഇവിടെ മനോവിചാരമായി കൽപ്പിച്ചിരിക്കുന്നത് എന്ത്?

1) **സർവദമനൻ ദുഷ്ഷ്യന്റെ പുത്രനാണ്**

2) രക്ഷ പാമ്പായി മാറി കടിച്ചില്ലായെന്നത്

3) ദുഷ്ഷ്യന്തൻ എത്തിയത് മാരീചാശ്രമത്തിൽ തന്നെ

19. "ഈ തർക്കം തന്നെ എനിക്കു വിശ്വാസം ഉറപ്പിക്കുന്നു." നാടക സന്ദർഭത്തിൽ സൂചിപ്പിക്കുന്ന തർക്കമേത്

1) ഞാൻ ആശ്രമത്തിലെ കുസൃതിക്കുട്ടനാണ്

2) **എന്റെ അച്ഛൻ ദുഷ്ഷ്യന്തനാണ് എന്ന് സർവദമനൻ പറയുന്നത്**

3) സർവദമനന്റെ പേരിൽ താപസിയും ദുഷ്ഷ്യനും തർക്കിച്ചത്

20. "ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും." വരികളിലെ ഭാവം എന്ത്?

1) കരുണം, **2)പുച്ഛം,** 3)അഹങ്കാരം

21. "ഈ കുട്ടിയുടെ അമ്മയുടെ പേരു ചോദിച്ചാലോ? അല്ലെങ്കിൽ പരസ്ത്രീ പ്രസംഗം ശരിയല്ല." സംഭാഷണത്തിലെ ദുഷ്ഷ്യന്തന്റെ സത്രീത്വത്തോടുള്ള

കാഴ്ചപ്പാട്?

**1)പരസ്ത്രീ പ്രസംഗം രാജാക്കന്മാർക്ക് ചേർന്നതല്ല**

2)പരസ്ത്രീ പ്രസംഗം സാമൂഹ്യമര്യാദയാണ്

3)ദുഷ്യന്തന് പരസ്ത്രീകളോട് പുച്ഛമാണ്

22." അല്ലെങ്കിൽ സാനുമതി പറഞ്ഞതുപോലെ സംഭവിക്കാമല്ലോ?" സാനുമതി പറഞ്ഞത് എന്ത്?

1) **മുക്കുവൻ ഏൽപ്പിച്ച മുദ്രമോതിരം കണ്ട് ദുഷ്ഷ്യന്തൻ ശകുന്തളയോട് കാണിക്കുന്ന സ്നേഹഭാവങ്ങളെക്കുറിച്ച്**

2) ദുഷ്യന്തൻ ഗാന്ധർവിധി പ്രകാരല്ല ശകുന്തളയെ വിവാഹം ചെയ്തത് suresh areekode mukulam malayalam

3) ദുഷ്ഷ്യന്തനിൽ വലിയ പ്രതീക്ഷയൊന്നും വേണ്ട

23. "ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു". ഈ പ്രസ്താവനയുടെ അടിസ്ഥാനം എന്ത്?.

1) **ദുഷ്ഷ്യന്തൻ,തന്നെ ഭർത്താവെന്നോർമിച്ചറിയണമെന്ന് ശകുന്തളയോട് പ്രാർത്ഥിക്കുന്നത്**

2) രക്ഷയെടുത്ത് സർവദമനനെ അണിയിച്ചത്

3) ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ പേര് ആർ ഉച്ചരിക്കുമെന്ന പറഞ്ഞത്

24. "രാഹുവിനെവിട്ട് ചന്ദ്രൻ രോഹിണി

യോടൊത്തുചേർന്നു, ഭാഗ്യവശാൽ" -ഇവിടെ ചന്ദ്രനോടും രോഹിണിയോടും സാദൃശ്യപ്പെടുത്തുന്നത് ആരെയെല്ലാം?

**1) ദുഷ്ഷ്യന്തനെയും ശകുന്തളയേയും**

2) ദുഷ്ഷ്യന്തനേയും സർവദമനനേയും

3) സർവദമനനേയും ചന്ദനമരത്തേയും

25.മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ

പാമ്പിതെന്നോതിയന്ധൻ - ഇവിടെ അന്ധനുമായി സാദൃശ്യപ്പെടുത്തിയത് ആരെ?

1)മാരീചനെ , **2) ദുഷ്ഷ്യന്തനെ,** 3)മതലിയെ

26. "മോഹമകന്നു തെളിഞ്ഞേൻ

മോഹനതനു!വന്നു നീയുമെന്നരികിൽ "- കാവ്യപരമായ സവിശേഷത ഏതെങ്കിലും രണ്ടെണ്ണം കുറിക്കുക?

**1) ആദ്യപ്രാസം,ദ്വിതീയാക്ഷര പ്രാസം**

2) ആദ്യപ്രാസം,അന്ത്യപ്രാസം

3) അനുപ്രയോഗം,അനുപ്രാസം

27. "മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ
പാമ്പിതെന്നോതിയന്ധൻ" - വരികളിലെ സൂചിതാർത്ഥം എന്ത്?

**1)ശകുന്തളയെന്ന നന്മയെ തിരിച്ചറിയാൻ കഴിയാതെ പോയ ദുഷ്ഷ്യന്തൻ.**sureshareekodemukulam malayalam

2)കഴുത്തിലിട്ട കൊടുത്ത പൂമാല തട്ടിക്കളഞ്ഞ അന്ധൻ.

3) ആശ്രമ വിശുദ്ധി തിരിച്ചറിയാത്ത സർവദമനൻ.

28. "എന്റെ മുൻജന്മ പാപം ഫലോന്മുഖമായിരുന്നിരിക്കണം" -സംഭാഷണത്തിലെ പശ്ചാത്തല സൂചനയെന്ത്?

**1) ഗർഭിണിയായ ശകുന്തള അപമാനിതയായി തിരിച്ചയക്കപ്പെട്ടത്**

2) മാരീചാശ്രമത്തിൽ വെച്ച് പ്രസവിച്ചത്

3) ഗാന്ധർവവിധി പ്രകാരം വിവാഹം നടന്നത്

29. സ്നേഹിതൻ മുഖാന്തിരം ലഭിക്കയാൽ ഈ മനോഹര ഫലത്തിനു രുചി അധികം തോന്നുന്നുണ്ട്. ഇവിടെ സ്നേഹിതനായി സൂചിപ്പിച്ചിരിക്കുന്നത് ആരെ?

1)മാരീചൻ, **2)മാതലി,** 3)പുരുവംശജർ

30. ദാക്ഷായണി - എന്ന പദത്തിന്റെ വിഗ്രഹാർത്ഥം താഴെ പറയുന്നവയിൽ ഏത്?

**1) ദക്ഷന്റെ പുത്രി,**

2) ദാക്ഷിണ്യമുള്ളവൾ, .

3) ദാക്ഷിണ്യം കാണിക്കുന്നവൾ ആരോ അവൾ

**PREPARED BY: SURESH AREEKODE,HST (Malayalam),GHSS UGRAPURAM,AREEKODE,MALAPPURAM,KERALA**
**VISIT MY YOUTUBE: *mukulam malayalam* FOR VIDEO LESSONS,PDF NOTES and QUESTION** ANSWER **DISCUSSIONS.PH:9562521509**